പരാതി സംഗതി

മൂന്നാർ ഗ്രാമപഞ്ചായത്തിലെ XIII-ാം വാർഡിലെ 386-ാം നമ്പർ കെട്ടിടത്തിൻ്റെ ഉടമസ്ഥാവകാശം മാറ്റിയത് സംബന്ധിച്ചും, വിവരാവകാശ അപേക്ഷയിന്മേൽ തൃപ്തികരമായ മറുപടി ലഭിച്ചില്ല എന്നത് സംബന്ധിച്ചും ആണ് ശ്രീ. റ്റി. സെൽവിൻ ജയകുമാർ മൂലക്കട ജംഗ്ഷൻ മൂന്നാർ പി.ഒ ഇടുക്കി (9455423807)യുടെ എന്നയാളുടെ പരാതിസംഗതി.

പരിശോധന റിപ്പോർട്ട്

15/10/2024 –ൽ മൂന്നാര് ഗ്രാമപഞ്ചായത്ത് കാര്യാലത്തില് വച്ച് പരാതിക്കാരനെ നേരിൽകേട്ടു. മൂന്നാർ ഗ്രാമപഞ്ചായത്തിലെ XIII-ാം വാർഡിലെ 386-ാം നമ്പർ കെട്ടിടം വസ്തു നികുതി നിർണ്ണയ രജിസ്റ്റര് പ്രകാരം (5-ാം നമ്പർ കോളം) അപേക്ഷകന്റെ പിതാവായ ശ്രീ. തങ്കയ്യയുടെ ഉടമസ്തതയിലായിരുന്നു എന്ന് കാണുന്നു. ഇതോടൊപ്പം ടി രജിസ്റ്ററിലെ 7-ാം നമ്പർ കോളത്തില് (താമസക്കാരന്റെ /കൈവശാവകാശക്കാരന്റെ / വാടകക്കാരന്റെ) തങ്കയ്യ എന്ന പേര് റദ്ദ് ചെയ്ത് സെൽവിന് ജയകുമാര് എന്ന് രേഖപ്പെടുത്തിയതായി കാണുന്നു. ടി രേഖപ്പെടുത്തൽ നടത്തിയ കോളത്തില് രേഖപ്പെടുത്തിയ ആളുടെ ഒപ്പോ, തിയതിയോ ഇല്ല.ഇതോടൊപ്പം 18/05/2023 –ൽ ടി കെട്ടിടം തങ്കയ്യയില് നിന്ന് മാനേജർ കെ.ഡി.എച്ച്.പി.യ്ക്ക് A8-7637/2021 ,തിയതി 18/05/2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാറ്റി നല്കിയിട്ടുണ്ട്. അപേക്ഷകനേ കേട്ടതിൽനിന്നും തന്റെ പിതാവായ തങ്കയ്യയുടെ മരണശേഷമാണ് താമസക്കാരന്റെ കോളത്തിൽ തന്റെ എഴുതി ചേർത്തത് എന്ന് അറിയിച്ചു. കൂടാതെ ടി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം നിയമവിരുദ്ധമായാണ് തന്റെ പിതാവായ തങ്കയ്യയിൽനിന്നും കെ.ഡി.എച്ച്.പി. യ്ക്ക് മാറ്റി നൽകിയതെന്നും അപേക്ഷകന് സമിതി മുൻപാകെ പറഞ്ഞു. ടി കെട്ടിടത്തിൽ തന്റെ അവകാശം തെളിയിക്കുന്നതിന് കോടതിയുടെ ഉത്തരവ് ഉണ്ടെന്നും ആയത് അടുത്ത സിറ്റിംഗിൽ ഹാജരാക്കാമെന്നും അറിയിച്ചു. തുടർന്ന് 24/04/2025 –ൽ നടന്ന സിറ്റിംഗില് ടിയാന് ഹാജരാവുകയും ബഹു. എൽ.എസ്.ജി.ഡി. ട്രിബ്യൂണലിന്റെ IA No.1561/2023 –ന്റെ കോപ്പി ഹാജരാക്കുകയും ചെയ്തു. ടി ഉത്തരവ് പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ A8-7637/2021 ,തിയതി 18/05/2023 ഉത്തരവ് സ്റ്റേ ചെയ്തതായി കണ്ടു.ഇപ്പോഴും അപേക്ഷകൻ ടി കെട്ടിടത്തില് താമസിച്ച് വരുന്നതായും അപേക്ഷകൻ സമിതിയേ അറിയിച്ചു. .

അദാലത്ത് തീരുമാനം

ബഹു. എൽ.എസ്.ജി.ഡി. ട്രിബ്യൂണൽ മുൻപാകെ ടി വിഷയം സംബന്ധിച്ച് IA No.1561/2023 ആയി നടന്നുവരുന്ന കേസില് അപേക്ഷകന് സ്റ്റേ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പരാതി സംഗതിക്ക് ടി കേസ് മുഖേന പരിഹാരം കാണാന്

കഴിയുമെന്നതിനാൽ അദാലത്ത് സമിതി കൂടുതല് നടപടികള് സ്വീകരിക്കേണ്ടതില്ലെന്നും അപേക്ഷകന് മൂന്നാർ ഗ്രാമപഞ്ചായത്തിൽ നിന്ന് വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടിയിൽ പരാതി ഉണ്ടെങ്കില് ആയത് ഒന്നാം അപ്പീൽ അധികാരി മുഖേന പരിഹാരം കാണുന്നതിന് നിർദ്ദേശം നൽകിയും അപേക്ഷ തീർപ്പാക്കുന്നു.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603